©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം **15**
Vol. XV

തിരുവനന്തപുരം, തിങ്കൾ
Thiruvananthapuram, Monday

2026 **മേയ്** 18
18th May 2026
1201 ഇടവം 4
4th Idavam 1201
1948 വൈശാഖം 28
28th Vaisakha 1948

നമ്പർ
No. **1594**

ഫാറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

(അനുബന്ധം)

DCPKD/2968/2022-C2 14-05-2026, പാലക്കാട്

കേരള സർക്കാർ 14/02/2022 തീയതിയിലെ G.O.(Rt)No.665/2022/RD നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പറളി -2 വില്ലേജിലെ പറളി-ഓടന്തൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പാലം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് RFCTLARR ആക്ട് 2013 പ്രകാരം ഉത്തരവാകുകയും കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ ലാന്റ്റ് അക്വിസിഷൻ എൽ.എ (കിഫ്ബി) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും,

ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആവശ്യം വരുന്ന പക്ഷം പാലക്കാട് ജില്ലാ കളക്ടർ അഡ്മിനിസ്ട്രേറ്ററായി ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറെ നിയമിച്ചിരിക്കുന്നതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത്, പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പറളി -2 വില്ലേജുകളിലായി പറളി-ഓടന്തൂർ പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ , ആവശ്യമുണ്ടാകുവാൻ ഇടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട് എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട്, വകുപ്പ് 11 ലെ ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾക്കനുസൃതമായി 3/11/2025 തീയതിയിൽ അസാധാരണ കേരള ഗസറ്റ് നമ്പർ 3896 വോള്യം നമ്പർ 14 പ്രകാരം 11(1) വിജ്ഞാപനം ജില്ലാകളക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത 11(1) ഗസറ്റ് വിജ്ഞാപനത്തിൽ താഴെ ചേർത്തിരിക്കുന്നത് പ്രകാരം തിരുത്തൽ ഉത്തരവാകുന്നു.

എൽ.എ.ആർ ആർ ആക്ട് 2013 പ്രകാരം പൊന്നും വിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ , ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ , ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി , പാലക്കാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യവും, തടസ്സവാദവും, വ്യക്തമായും സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SCHEDULE

03/11/2025 തീയതിയിൽ അസാധാരണ കേരള ഗസറ്റ് നമ്പർ 3896 വോള്യം നമ്പർ 14 പ്രകാരം ബഹു.ജില്ലാകളക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത 11(1) വിജ്ഞാപനത്തിൽ ക്രമ നമ്പർ 1 ആയി രേഖപ്പെടുത്തിയിരുന്ന പാലക്കാട് താലൂക്ക് , പറളി -2 വില്ലേജ് , ബ്ലോക്ക് 18 , സർ വേ നമ്പർ 268/6 എന്നതിന് പകരം പാലക്കാട് താലൂക്ക് , പറളി -2 വില്ലേജ് , ബ്ലോക്ക് 18 , 265/6 എന്ന് തിരുത്തി ഉത്തരവായി ഭേദഗതി വരുത്തുന്നു.

ജില്ലാ കളക്ടർ

പാലക്കാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.18 02:47:54 +05:30